പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *310

12.12.2018 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവള ടെർമിനലുകളുടെ വികസനവും പരിപാലനവും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം വിമാനത്താവള ടെർമിനലുകളുടെ വികസനവും പരിപാലനവും പൂർണ്ണമായി സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ലാഭകരമായി പ്രവർത്തിക്കുന്ന പ്രസ്തുത വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) യും (ബി) യും | ഉണ്ട്. തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിലെ ആശങ്ക അറിയിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ